റോഡിന്റെ ഇരുവശങ്ങളിൽനിന്നും കൃഷിക്കു കൊടുക്കാത്ത സ്ഥലങ്ങൾ.

295. MR. MANKUZHI M. MADHAVAN (*Chirayinkil III—General*): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫാമസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) തിരുവനന്തപുരം—ചെങ്കോട്ട റോഡിന്റെ ഇരുവശങ്ങളിൽനിന്നും ഏതാനും സ്ഥലം പാട്ടവ്യവസ്ഥയിൽ കൃഷിക്ക് കൊടുക്കാനായി റിസർവിൽ നിന്നും ഒഴിച്ചിട്ടിട്ടുണ്ടോ ?

(ബി) റോഡിൽനിന്നും എത്ര ചങ്ങല വീതിയിൽ സ്ഥലം ഒഴിച്ചിടാനാണ് ഗവണ്മെൻറ് ഉത്തരവു കൊടുത്തിട്ടുള്ളത്.

(സി) ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും അനുവദിച്ചതിൽ കൂടുതൽ വീതിയിൽ ഉള്ള സ്ഥലത്തു കൃഷി ചെയ്യുന്നതിന് ആരെയെങ്കിലും അധികാരപ്പെടുത്തിയിട്ടുണ്ടോ ?

HON'BLE MR. C. KESAVAN : (എ) ഉണ്ട്.

(ബി) രണ്ടു ഫർലാങ്ങ് വീതിയിൽ.

(സി) ഇല്ല.

MR. MANKUZHI M. MADHAVAN : ഈ രണ്ടു ഫർലാംങ്ങിനുള്ളിൽ ഉള്ള സ്ഥലത്തു് ചിലർ കൃഷിചെയ്യുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

HON'BLE MR. C. KESAVAN : അതേപ്പറ്റി അന്വേഷിക്കാം.

Paddy Production Survey Officers.

296. MR. N. P. VARGESE (*Muvattupuzha I—General*): Will the Honourable Minister for land be pleased to state,

(*a*) whether the Paddy Purchase staff could not do the Food Production Survey work during the months when there is no work;

(*b*) on whose recommendation was this multiplication of staff brought into effect; and

(*c*) whether the Tahsildars were consulted before launching this Food Production Survey Work?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. C. KESAVAN : (എ) ഇല്ല.

(ബി) ലാൻറ് ഡിപ്പാർട്ടുമെൻറിൻെറ മേധാവി.

(സി) ഇല്ല.

MR. N. P. VARGHIS : ഫുഡ് പ്രൊഡക്ഷൻ സപ്പ് സ്റ്റാഫിൻെറ ജോലി തീന്നോ എന്ന പറയാമോ ?

HON'BLE MR. C. KESAVAN : തീന്ന എന്നാണ് തോന്നുന്നത്, അന്വേഷിച്ച പറയാം.

നെല്ലുവിതരണം.

297. MR. N. P. VARGHIS : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ ?

(എ) ഒരു പ്രദേശത്തിൽനിന്നും ഗവണ്മെൻറ് എടുക്കുന്ന നെല്ല അവിടെയുള്ള റേഷൻ കടക്കാർക്ക് കൊടുക്കാതെ മറ്റു താലൂക്കുകളിലേക്ക് അയച്ചശേഷം, ആ പ്രദേശത്തിലെ ആവശ്യത്തിനു മറ്റു ദൂരസ്ഥലങ്ങളിൽ നിന്ന് നെല്ലുകൊടുത്തുവരുന്നതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) അതിനാൽ കച്ചവടക്കാർക്ക് ട്രാൻസ്പോർട്ടിനായി ഒരു വലിയ സംഖ്യ ചെലവാകുന്നുണ്ടെന്നും ആ നഷ്ടം ഒടുവിൽ റേഷൻ വാങ്ങുന്ന പാവപ്പെട്ടവനാണ് സഹിക്കേണ്ടിവരുന്നതെന്നും ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

(സി) ഇപ്രകാരം അനാവശ്യ ചെലവുകൾ വരുത്തിവയ്ക്കാത്തവണ്ണം താലൂക്കധികാരികൾക്ക് കർശനമായ നിർദ്ദേശങ്ങൾ കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഉദ്ദേശ്യമുണ്ടോ ?

HON'BLE MR. K. M. KORAH : (എ) അപ്രകാരമുള്ള യാതൊരു പരാതികളും ഇതേവരെ ഗവണ്മെൻറിനു കിട്ടിയിട്ടില്ല. ഒരു പ്രദേശത്തിലെ വിതരണത്തിനാവശ്യമായ നെല്ല് കഴിയുന്നിടത്തോളം ആ പ്രദേശത്തിൽനിന്നുതന്നെ കൊടുത്തുവരുന്നു. എന്നാൽ ഒരു താലൂക്കിൽ അധികം വരുന്ന നെല്ല് അടുത്തുള്ള ഒരു താലൂക്കിലേക്കു നീക്കിവയ്ക്കുമ്പോൾ അടുത്തുള്ള ഒന്നോ രണ്ടോ പ്രദേശങ്ങളിൽ ആകെയുള്ള നീക്കിയിരിപ്പു മുഴുവനും കൊടുക്കേണ്ടതായിവരുകയും ചില സമയം ആ പ്ര

LIBRARY ARCHIVES Kerala Legislative Assembly